## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.569** **03.03.2020 ൽ മറുപടിയ്ക്ക്**

## പുരപ്പുറ സോളാർ വൈദ്യുത പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. സി. ജോർജ്** | | **ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉൽപാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പ് ഏതെല്ലാം തരത്തിലുള്ള സബ്സിഡികളാണ് നൽകിവരുന്നത്; വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ രണ്ടാം ഘട്ട സബ്സിഡി പ്രോഗ്രാമിന്റെ ഭാഗമായും, സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെയും, കെ. എസ്. ഇ. ബി ഉപഭോക്താക്കൾക്കായി നടപ്പാക്കുന്ന പദ്ധതിയാണിത്. എം.എൻ.ആർ.ഇ നിഷ്കർഷിക്കുന്ന സബ്സിഡി മോഡലിന് പുറമെ മൂന്ന് ഹൈബ്രിഡ് മോഡലുകൾ കൂടി ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ജനങ്ങളെ കൂടി സംസ്ഥാനത്തിന്റെ അക്ഷയോർജ്ജ ഉല്പാദനത്തിന്റെ ഭാഗമാക്കി മാറ്റും വിധമാണ് ഈ പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നത്. |

**<u>കേരള സൗരോർജ്ജ മോഡലുകളും യോഗ്യതയും</u>**

**മോഡൽ - 1**

| മോഡൽ | നിലയത്തിന്റെ ശേഷി | യോഗ്യത (ശരാശരി വൈദ്യുതി ഉപഭോഗം) | ഉപഭോക്താവിന്റെ മുടക്കുമുതൽ (ആകെ മുടക്കു മുതലിന്റെ %) | ഉപഭോക്താവിന് ലഭിക്കുന്നത് (ഉല്പാദനത്തിന്റെ %) |
|---|---|---|---|---|
| 1 എ | 2/3 KWp | 120 യൂണിറ്റ് വരെ | 12 | 25 |
| 1 ബി | 2/3 KWp | 150 യൂണിറ്റ് വരെ | 20 | 40 |
| 1 സി | 2/3 KWp | 200 യൂണിറ്റ് വരെ | 25 | 50 |

**മോഡൽ - 2**

| മോഡൽ | നിലയത്തിന്റ ശേഷി | യോഗ്യത (ശരാശരി വൈദ്യുതി ഉപഭോഗം) | ലഭ്യമാവുന്ന സബ്സിഡി (ശതമാനത്തിൽ) |
|---|---|---|---|
| 2 | 3 KWp വരെ | എല്ലാവർക്കും | 40% |
| 2 | 3 KWp ക്ക് മുകളിൽ 10 KWp വരെ | എല്ലാവർക്കും | ആദ്യത്തെ 3 KWp വരെ 40%, പിന്നെ അധികം വരുന്ന ഓരോ KWp ക്കും 20%. |
| 2 | 10 KWp ക്ക് മുകളിൽ | എല്ലാവർക്കും | ആദ്യ 10 KWp ക്ക് 26% അധികം വരുന്നതിന് സബ്സിഡി ഇല്ല |

ഈ മോഡലിൽ സബ്സിഡി കഴിഞ്ഞുള്ള മുതൽമുടക്ക് ഉപഭോക്താവ് നടത്തേണ്ടതാണ്. നിലയത്തിന്റെ ഉടമസ്ഥതയും അതുകൊണ്ട് തന്നെ ഉത്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും ഉപഭോക്താവിനായിരിക്കും.

സോളാർ വൈദ്യുതി ഉൽപാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ട് മുഖേന നൽകുന്ന സബ്സിഡി സ്കീമുകൾ ചുവടെ ചേർക്കുന്നു.

(1).**ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി**:
സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടു കൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടു കൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30%

| | | | |
|---|---|---|---|
| | | | ആണ് സബ്സിഡിയായി നൽകുന്നത്.<br>(2).**പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉദ്ധാൻ മഹാഭിയാൻ (PM-Kusum) പദ്ധതി** :<br>പ്രസ്തുത പദ്ധതിക്ക് (എ), (ബി), (സി) എന്നീ മൂന്ന് ഘടകങ്ങളാണ് ഉള്ളത്. ഇതിൽ ഘടകം (ബി) യും (സി) യും അനെർട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>**ഘടകം (ബി)**: ഈ പദ്ധതി പ്രകാരം നിലവിൽ കർഷകർ ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിനും, കൂടാതെ വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ കർഷകർക്ക് standalone സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിനും കേന്ദ്ര സർക്കാർ 30% സബ്സിഡി നൽകുന്നു. സംസ്ഥാന സർക്കാരിന്റെ 30% സബ്സിഡിയും കഴിച്ച് ബാക്കി 40% ഗുണഭോക്തൃ വിഹിതം നൽകുന്ന കർഷകർക്ക് ഈ പദ്ധതി പ്രകാരം സോളാർ പമ്പ് സ്ഥാപിക്കാവുന്നതാണ്.<br>**ഘടകം (സി)**: ഈ പദ്ധതി പ്രകാരം നിലവിൽ കെ.എസ്.ഇ.ബി.എൽ. മുഖേനയുള്ള വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാർഷിക കണക്ഷനുള്ള പമ്പുകൾ 30% കേന്ദ്ര സർക്കാർ സബ്സിഡിയും, 30% സംസ്ഥാന സർക്കാർ സബ്സിഡിയോടും കൂടി സോളാറിലേയ്ക്ക് മാറ്റി നൽകുന്നതാണ്. 40% ഗുണഭോക്തൃ വിഹിതമാണ്. സോളാറിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് പമ്പ്സെറ്റ് പ്രവർത്തിപ്പിച്ച ശേഷം മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ന്റെ ഗ്രിഡിലേയ്ക്ക് നൽകുക വഴി കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്കായി സംസ്ഥാനതലത്തിൽ കർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പുരപ്പുറ സോളാർ വൈദ്യുത പദ്ധതി പ്രകാരം നാളിതുവരെ എത്രപേർക്ക് ആനുകൂല്യം | (ബി) | കെ.എസ്.ഇ.ബി.എൽ. പുരപ്പുറ സോളാർ വൈദ്യുതി പദ്ധതി പ്രകാരം ആർക്കും ആനുകൂല്യം ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ; | | 42,489 അപേക്ഷകരെ തിരഞ്ഞെടുത്തിട്ടുണ്ട്.<br>അനെർട്ട് വഴി ഇതുവരെ 15,164 (with subsidy) പുരപ്പുറ വൈദ്യുത പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ? | (സി) | റ്റാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ് മുംബൈ, ഇങ്കൽ ലിമിറ്റഡ് - കൊച്ചി, വാരി എഞ്ചിനീയറിംഗ് ലിമിറ്റഡ്-മുബൈ എന്നീ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**